<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3647</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന്റെ സമഗ്ര വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയ പുതിയ കെട്ടിടം കോളേജിന് വിട്ടുകൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയ പുതിയ കെട്ടിടത്തിലേക്ക് കെ.എസ്.ഇ.ബി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന് കൈമാറിയിട്ടില്ല. നിലവിലെ കെ.എസ്.ഇ.ബി റൂൾ പ്രകാരം ഒരു സ്ഥാപനത്തിന് ഒരു കണക്ഷൻ മാത്രമേ അനുവദനീയമാകുകയുള്ളൂ. കോളേജിൽ കെ.എസ്.ഇ.ബി കണക്ഷൻ ഉള്ളതിനാൽ നിലവിലുള്ള കണക്ഷൻ പുതിയ ബിൽഡിങ്ങിലേക്ക് കൊണ്ടുപോകുന്നതിനായി അണ്ടർ ഗ്രൗണ്ട് കേബിളിങ്ങും അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങളും സ്ഥാപിക്കേണ്ടതുണ്ട്. നിലവിൽ ഈ പ്രവർത്തിക്കാവശ്യമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല. വാർഷിക പദ്ധതിയിൽ ഈ പ്രവർത്തികൾ കൂടി ഉൾപ്പെടുത്താമോ എന്ന വിഷയം പരിശോധിച്ച് വരുന്നു.** |
| (ബി) | കെട്ടിടത്തിന്റെ 95 ശതമാനം പണികളും പൂർത്തിയായതിനാൽ ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് പുതിയ കെട്ടിടം തുറന്നു കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള കോഴ്സുകൾക്കുള്ള ക്ലാസ്സ്മുറികളും, ലാബുകളും പുതിയ അക്കാഡമിക് ബ്ളോക്ക് പൂർത്തിയാകുന്ന മുറയ്ക്ക് സജ്ജമാക്കി തുറന്ന് കൊടുക്കാവുന്നതാണ്. |
| (സി) | കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന്റെ സമഗ്രമായ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന്റെ സമഗ്രമായ വികസനത്തിനായി പുതിയ അക്കാഡമിക് കെട്ടിടത്തിന്റെ നിർമ്മാണം, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള റാമ്പ് നിർമ്മാണം, അഡ്മിനിസ്ട്രേഷൻ ബ്ലോക്കിൽ നിന്നും വർക്ക്ഷോപ്പ് ബ്ലോക്കിലേക്കുള്ള കൾവർട്ട് നിർമ്മാണം, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്ഥാപനത്തിൽ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (3.5 കോടി രൂപ അനുവദിച്ചെങ്കിലും പണി ആരംഭിച്ചിട്ടില്ല), പുതിയ കുഴൽക്കിണർ നിർമ്മാണം (തുക |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്), കോളേജിലേക്കുള്ള റോഡ് ടാർ ചെയ്യൽ, ലേഡീസ് അമിനിറ്റി റൂം നിർമ്മാണം, ലേഡീസ് ഹോസ്റ്റലിന്റെ മതിൽ, ഗേറ്റ് നിർമ്മാണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ